## വ്യവസായിക മേഖല

അടാട്ട് ഗ്രാമപഞ്ചായത്തിലെ കൃഷിയുടെ പ്രാമുഖ്യവും ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന സംസ്ഥാന പാത, സമീപത്തുകിടക്കുന്ന തൃശ്ശൂർ കോർപ്പറേഷൻ എന്നിവയുടെ സ്വാധീനത്താൽ ഉണ്ടാകുന്ന വിപണന സാധ്യത എന്നിവ കണക്കിലെടുക്കുമ്പോൾ ഈ പഞ്ചായത്തിൽ കാർഷികാടിസ്ഥാന ചെറുകിട വ്യവസായങ്ങൾക്ക് സാധ്യത വളരെയേറെയാണ്.

### 1996 ലെ അവസ്ഥ

അന്നും വ്യവസായങ്ങൾ പൊതുവേ കുറവായ പഞ്ചായത്താണ് അടാട്ട്. വൻകിട വ്യവസായങ്ങൾ ഇവിടെയുണ്ടായിരുന്നില്ല . നെൽ, കൊപ്ര പൊടിക്കുന്ന മില്ലുകൾ, എഞ്ചിനീയറിങ് സ്ഥാപനങ്ങൾ, വൈരക്കൽ സംസ്കരണ കേന്ദ്രങ്ങൾ , കുടിൽമേഖല യിലെ ഏതാനും യൂണിറ്റുകൾ എന്നതിൽ വ്യവസായമേഖല പരിമിതപ്പെട്ടിരുന്നു. 58 ചെറുകിട വ്യവസായങ്ങളും, 50 ൽ താഴെ തൊഴിൽ, കുടിൽ വ്യവസായ സ്ഥാപനങ്ങൾ മാത്രമാണ് അന്നുണ്ടായിരുന്നത് .

### നിലവിലെ അവസ്ഥ

അന്നത്തേതിൽ നിന്നും ഈ മേഖല വളരെയേറെ മുന്നോട്ടു പോയിരിക്കുന്നതായി കാണാം. അടാട്ട് ഗ്രാമപഞ്ചായത്തിൽ നിലവിൽ ചെറുകിട ഇടത്തരം സംരംഭങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളത് 186 എണ്ണമാണ്. നിലവിലുള്ള കാർഷികാടിസ്ഥാന ചെറുകിട വ്യവസായങ്ങൾ 28 എണ്ണമാണ്. അടാട്ട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ സർക്കാർ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഖാദി പ്രൊഡക്ഷൻ സെൻററിൽ 40 തൊഴിലാളികൾ ജോലി ചെയ്ത് വരുന്നു. അവിണിശ്ശേരി ഖാദിയിൽനിന്നും ലഭിക്കുന്ന കോട്ടണിൽ നിന്നും പ്രതിമാസം 1000 ഖാദി മുണ്ടുകൾ ഇവിടെ ഉൽപ്പാദിപ്പിച്ച് തിരിച്ച് അവിണിശ്ശേരി ഖാദിയിലേക്കു തന്നെ എത്തിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ ചിറ്റിലപ്പിള്ളി അടാട്ട് റോഡിൽ സ്വകാര്യ മേഖലയിൽ സ്ഥിതിചെയ്യുന്ന ഐശ്വര്യ ഇക്കോബാഗ് യൂണിറ്റിൽ 5 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. തുണിബാഗ്, പേപ്പർ ബാഗ്, മാസ്ക് എന്നീ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കടകളിൽ വിപണനം ചെയ്യുന്നു. ചിറ്റിലപ്പിള്ളിയിൽ പ്രവർത്തിക്കുന്ന

പ്രിയദർശിനി കേരശ്രീ കുടുംബശ്രീ യൂണിറ്റിൽ 5 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. പ്രതിമാസം 600 ലിറ്റർ വെളിച്ചെണ്ണയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. ഇത് അടാട്ട് ഗ്രാമപഞ്ചായത്തിലും സമീപ തദ്ദേശ സ്വയം സമീപ ഭരണ സ്ഥാപനങ്ങളിലെ കടകളിലും കുപ്പികളിലാക്കി വിപണനം ചെയ്യുന്നു.

കുടുംബശ്രീ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി യൂണിറ്റിലേയ്ക്ക് ആധുനിക മെഷിനറികൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കേണ്ടതുണ്ട്. വെളിച്ചെണ്ണ കൂടാതെ മറ്റ് കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പഞ്ചായത്തിന്റെ വായ്പാ ധനസഹായ ത്തോടു കൂടി ഇവിടെ ആരംഭിക്കേണ്ടതുണ്ട്. വയലുകളുടേയും തോടുകളുടേയും സാന്നിധ്യം താറാവ് വളർത്തലിനും ഉള്ള സാധ്യതയാണ് കാണിക്കുന്നത്. അനുയോജ്യമായ ഘടക ങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ പുഷ്ടിപ്പെടുത്താനുള്ള മേഖലകളിലൊന്നായി മൃഗസംരക്ഷണ മേഖല കാർഷിക മേഖലയുമായി ബന്ധമായി വരേണ്ടതുണ്ട്. അടാട്ട് ഗ്രാമ പഞ്ചായത്തിൽ നെൽകൃഷിക്കും കരകൃഷിക്കും പ്രാമുഖ്യമുള്ളതിനാൽ കാർഷിക അനുബന്ധ മേഖലയിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതുപോലുള്ള കാർഷികാനുബന്ധമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് വ്യവസായ രംഗം പുഷ്ടിപ്പെടുത്തുന്നതിന് സാധ്യതയേറെയാണ്. കൃഷി, മൃഗസംരക്ഷണ മേഖല കളുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ഇവിടെ തുടങ്ങാവുന്നതാണ്. സംസ്ഥാന പാത, സമീപത്തുകിടക്കുന്ന തൃശ്ശൂർ കോർപ്പറേഷൻ എന്നിവയുടെ സ്വാധീനത്താൽ വിപണന രംഗം മെച്ചപ്പെടുത്തുവാനുള്ള അനന്ത സാദ്ധ്യതകൾ അടാട്ടിനുണ്ട് . കൂടാതെ അഭ്യസ്തവിദ്യരായ യുവതലമുറയെ സാങ്കേതിക പരിജ്ഞാനത്തിലൂടെയും ബോധ വൽക്കരണത്തിലൂടെയും വ്യവസായ രംഗത്തേക്ക് പ്രവേശിപ്പിച്ച് തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കുന്നതുമാണ്.

**മൃഗസംരക്ഷണ മേഖല**

പഞ്ചായത്തിന്റെ 50 ശതമാനത്തിലധികം കാർഷിക ഭൂമിയുള്ള അടാട്ട് കാർഷിക മേഖല പോലെ തന്നെ സാമ്പത്തിക നില ഉയർത്താൻ ഉതകുന്ന ഒരു മേഖലയാണ്. മൃഗസംരക്ഷണ മേഖല. കാർഷിക പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള മേഖലയാണ് മൃഗസംരക്ഷണ മേഖല എന്ന നിലയ്ക്ക് കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള പ്രദേശങ്ങളിൽ മൃഗസംരക്ഷണ മേഖലയ്ക്ക് സാധ്യതകളേറെയാണ് .

- 1996 പഞ്ചവത്സര പദ്ധതി നടപ്പിലാക്കുമ്പോൾ മൃഗസംരക്ഷണ മേഖലയിലെ അവസ്ഥ.
- കാലിത്തീറ്റ ഘടകങ്ങൾ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവന്നിരുന്നത് .
- കോഴിമുട്ട , കോഴിയിറച്ചി എന്നിവയുടെ ആഭ്യന്തര ഉത്പാദനം കുറവായിരുന്നു. അതിനായി തമിഴ്നാട്ടിലെ നാമക്കൽ തുടങ്ങിയ പ്രദേശങ്ങളെയാണ് ആശ്രയിച്ചിരുന്നത്.
- മാംസോത്പാദന സംസ്കരണ വിപണനത്തിനായി അന്യസംസ്ഥാനത്തെയാണ് ആശ്രയിച്ചിരുന്നത്.
- പച്ചപ്പുല്ലിന്റെ ദൗർലഭ്യം, മേച്ചിൽപുറങ്ങളുടെ കുറവ്, വൈക്കോലിന്റെയും കാലിത്തീറ്റയുടെയും വിലക്കൂടുതൽ എന്നീ പ്രശ്നങ്ങൾ അഭിമുഖീകരിച്ചിരുന്നു.
- കന്നുകുട്ടി വളർത്തൽ, പന്നിവളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നീ മേഖലകളിലും കൂടുതൽ ശ്രദ്ധ ആവശ്യമായിരുന്നു.

പുറനാട്ടുകരയിലുള്ള സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയിൽ ചികിത്സ, കൃത്രിമ ബീജദാനം, പ്രതിരോധകുത്തിവയ്പ്പുകൾ എന്നീ സേവനങ്ങൾ നൽകിവരുന്നു. ആശുപത്രി കെട്ടിടത്തിന്റെയും സ്റ്റാഫ് പാറ്റേൺ എന്നിവയുടെയും സൗകര്യങ്ങളുള്ള മാറ്റത്തിൽ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കി കഴിഞ്ഞതിൽ വന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ താഴെപ്പറയുന്ന പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കി വന്നത്.

- കന്നുകുട്ടി പരിപാലന പദ്ധതി.
- മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ.
- കാലിത്തൊഴുത്ത് നിർമാണം.
- മൃഗാശുപത്രിയ്ക്ക് ഫർണിച്ചർ, മെയിന്റനൻസ്, കമ്പ്യൂട്ടർ വാങ്ങൽ.
- ആട് വളർത്തൽ.
- എബിസി ( ജില്ലാ പഞ്ചായത്ത് വിഹിതം).
- മുട്ടക്കോഴി വിതരണം.
- പോത്തു വളർത്തൽ.
- പശു വളർത്തൽ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികളുടെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ പാലുല്പാദനം, മൃഗസമ്പത്ത്, മുട്ട ഉല്പാദനം, മാംസോൽപ്പാദനം എന്നിവയുടെ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പോത്തുകുട്ടി വളർത്തൽ പദ്ധതിയിൽ ധാരാളം കർഷകർ ഭാഗമായിട്ടുണ്ട് .

## നിലവിലെ അവസ്ഥ

അടാട്ട് ഗ്രാമപഞ്ചായത്തിൽ പശു, കാള, എരുമ , പോത്ത് ,ആട്, കോഴി, താറാവ്, പന്നി, ടർക്കി തുടങ്ങിയ മൃഗങ്ങളേയും പക്ഷിലതാദികളേയും, കൂടാതെ മയിൽ, കാട എന്നിവ ചെറിയ തോതിലും വളർത്തുന്നുണ്ട്. അടാട്ട് ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ വളർത്തുമൃഗ ങ്ങളുടെ വിഭാഗത്തിൽ പരിപാലിക്കപ്പെടുന്നത് കോഴികളാണെന്ന് കാണാം. അത് കഴിഞ്ഞുള്ള സ്ഥാനമാണ് ആട്, കന്നുകാലികൾക്കുള്ളത് ഏറ്റവും കുറവ് എണ്ണം ടർക്കി, പന്നി എന്നീ വിഭാഗങ്ങളിലെ വളർത്തുമൃഗങ്ങളാണെന്നും കാണാം. 2015 കാനേഷുമാരി പ്രകാരമുള്ള

വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ വീടുകളിൽ വളർത്തുന്നവ കൂടാതെ ശ്രീരാമകൃഷ്ണ മഠം, ശ്രീ ശാരദാ മഠം എന്നീ സ്ഥലങ്ങളിൽ പരിപാലിക്കപ്പെടുന്ന വളർത്തുമൃഗങ്ങളുടെ എണ്ണവും ഉൾപ്പെടുന്നു. വാർഡ് 8 ആമ്പക്കാട്ടിൽ പുഴയ്ക്കൽ പ്രദേശത്തിനടുത്ത്, വാർഡ് 13 - മൂർപ്പാറ എന്നീ പ്രദേശങ്ങളിൽ ജനവാസമുള്ള സ്ഥലങ്ങളിൽ നിന്ന് അകലെയായി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രണ്ട് പ്രദേശങ്ങളിൽ ആണ് ഓരോ വീട്ടുകാരുടെ ഉടമസ്ഥതയിൽ പന്നിവളർത്തൽ ഉള്ളത്. കോൾപ്പാടങ്ങൾ ഉള്ള പ്രദേശങ്ങളോടടുത്താണ് കൂടുതലായി വളർത്തു മൃഗങ്ങളുടെ പരിപാലനം കാണുന്നത്. മൃഗമാംസങ്ങൾ ലഭിക്കുന്നത് അടാട്ട് ,അമല നഗർ, പുത്തിശ്ശേരി എന്നിവിടങ്ങളിലെ കശാപ്പുശാലകളിലാണ്.

അടാട്ട് ഗ്രാമപഞ്ചായത്തിലെ പുറനാട്ടുകരയിലുള്ള വെറ്ററിനറി ഡിസ്പെൻസറി ചേർപ്പിലെ പ്രാദേശിക മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ളതാണ്. പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം കർഷകർക്ക് വിവിധ പരിശീലന പരിപാടികളും സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. ഉപകേന്ദ്രമായ ഐ.സി.ഡി.പി സബ് സെന്റർ ചിറ്റിലപ്പിള്ളിയിലും സ്ഥിതിചെയ്യുന്നു. വെറ്ററിനറി സ്ഥാപനമായ വെറ്ററിനറി ഡിസ്പെൻസറി പുറനാട്ടുകര വഴി ചികിത്സയും പദ്ധതി ആസൂത്രണ വികസന പ്രവർത്തനങ്ങളും നടത്തി വരുന്നു. മൃഗങ്ങളുടെ വൈദ്യപരിശോധന, ചികിത്സ, മൃഗങ്ങളുടെയും പക്ഷികളുടെയും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ മരുന്നുകൾ നൽകൽ, രോഗങ്ങൾക്കുള്ള കുത്തിവെയ്പ്പ്, പ്രതിരോധ കുത്തിവെയ്പിനുള്ള പ്രവർത്തനങ്ങൾ, കൃത്രിമ ബീജസങ്കലനം, കൃത്രിമ ബീജസങ്കലനത്തിനുശേഷം ഗർഭധാരണം നടന്നിട്ടുണ്ടോ എന്ന് മനസ്സിലാക്കുന്നതിനുള്ള പരിശോധനകൾ, മൃഗങ്ങളും പക്ഷികളും മൂലം ഉണ്ടാകുന്ന എന്ന് രോഗങ്ങൾ പ്രതിരോധി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, വളർത്തു മൃഗങ്ങൾ - പക്ഷികൾ എന്നിവയുടെ ചികിത്സ, മൃഗങ്ങൾക്കും പക്ഷികൾക്കും ഇൻഷ്വറൻസ് പരിരക്ഷയുള്ള സൗകര്യം ഒരുക്കൽ, മൃഗങ്ങൾക്കുള്ള ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കൽ, കന്നുകാലികളിലെ വന്ധ്യതാനിവാരണ ത്തിനുള്ള ചികിത്സ, സ്വയംതൊഴിൽ രംഗത്ത് കർഷകർക്ക് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ടുകൾ ഉണ്ടാക്കുക, മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക മുതലായവയാണ് നിലവിൽ പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പുറനാട്ടുകര വെറ്ററിനറി ഡിസ്പെൻസറി വഴി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ. വെറ്ററിനറി ഡിസ്പെൻസറിയുടെ സാങ്കേതിക നിയന്ത്രണത്തിലാണ് ചിറ്റിലപ്പിള്ളിയിലുള്ള വെറ്ററിനറി സബ് സെന്റർ പ്രവർത്തിക്കുന്നത്. ഇവയുടെ പ്രധാന സേവനങ്ങൾ പ്രഥമ ശുശ്രൂഷ, കൃത്രിമബീജസങ്കലനം, Pregnancy diagnosis, Milk recording, വെറ്ററിനറി ഡിസ്പെൻസറിയുടെ

പ്രവർത്തനങ്ങളിൽ സഹായിക്കൽ ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയാണ്. അടാട്ട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഉപകേന്ദ്രം ഐ.സി.ഡി.പി ( Intensive Cattle Development Programme ) സബ്സെന്റർ ചിറ്റിലപ്പിള്ളി ആണ്.

ക്ഷീരവികസന മേഖലയുടെ കാര്യത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ, പുഴയ്ക്കൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റാണ് അടാട്ട് ഗ്രാമപഞ്ചായത്തിലെ പാലുൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നത്. കൂടുതലായി മേഖലയിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അടാട്ടിലെ മൃഗാശുപത്രിയിൽ ചികിത്സക്ക് വിധേയമാകുന്ന മൃഗങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നുണ്ട്. പശു, ആട്, കോഴി, താറാവ് തുടങ്ങിയവയെ ചെറിയ തോതിലും, കൂട്ടായും വളർത്തുന്നതിനാവശ്യമായ സാഹചര്യം അടാട്ടിലുണ്ട്. ഭാവിയിൽ ഉണ്ടാവുന്ന വർദ്ധനവിനനുസരിച്ചു ചികിത്സാ സൌകര്യങ്ങൾ കൂട്ടേണ്ടതായും, കെട്ടിടങ്ങൾ നവീകരിക്കേണ്ടതായും, ലബോറട്ടറി സൗകര്യം ഏർപ്പെടുത്തേണ്ടതായും കാണുന്നു. ആധുനിക രീതിയിൽ ശാസ്ത്രീയമായി സജ്ജീകരിച്ച അറവുശാലകൾ ആരംഭിക്കേണ്ടത് ആവശ്യമാണ് .

- കർഷകർ ഉത്പാദിപ്പിക്കുന്ന പാലിനനുസരിച്ച് തീറ്റ സബ്സിഡിയായി നൽകുക
- പാലിനു സബ്സിഡി
- മുട്ടക്കോഴി വളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കുക.
- പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുക.
- കന്നുകുട്ടി പരിപാലന പദ്ധതി ഊർജ്ജിതമാക്കുക

**പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കേണ്ട പ്രധാന പദ്ധതികൾ**

- കന്നുകുട്ടി പരിപാലനം
- മുട്ടക്കോഴി വളർത്തൽ
- തീറ്റയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതി
- ആട് വളർത്തൽ
- പശു വളർത്തൽ

## ഗതാഗത മേഖല

തൃശ്ശൂർ നഗരത്തേയും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം നഗരത്തേയും ബന്ധിപ്പിക്കുന്ന സംസ്ഥാന പാത – 69 അടാട്ടിലൂടെ കടന്നുപോകുന്നു. തൃശ്ശൂരിൽ നിന്ന് വരുന്ന ഈ പാത അടാട്ടിലെ കിഴക്ക് അതിർത്തി പുഴയ്ക്കലിൽ പ്രവേശിച്ച്, അടാട്ട്, അമലാനഗർ എന്നീ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൂടെ കടന്ന് വടക്ക് അതിർത്തി അമല ROB യിലൂടെ കടന്നു പോകുന്നു. ദക്ഷിണ റെയിൽവേയുടെ കീഴിലുള്ള തൃശ്ശൂർ ഗുരുവായൂർ റെയിൽ പാത അടാട്ടിലൂടെ കടന്നു പോകുന്നുണ്ട്. ഈ സിംഗിൾ ലൈൻ റെയിൽ പാതയിലെ "അമല നഗർ റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് അടാട്ട് പഞ്ചായത്തിലാണ്. ഈ റെയിൽവേസ്റ്റേഷൻ വേണ്ടത്ര ലാഭകരമല്ലാത്തതിനാൽ റെയിൽവേ നിർത്തലാക്കിയിരിക്കുകയാണ്. സ്റ്റേഷൻ അടാട്ട് പഞ്ചായത്തിന്റെ ഏറെക്കുറെ എല്ലാ ഉൾപ്രദേശങ്ങളും റോഡ് മാർഗ്ഗങ്ങളാൽ ബന്ധപ്പെട്ടിരിക്കുന്നു. അമലാനഗർ – പറപ്പൂർ – പാങ്ങ് പാത, SH – 69 ലെ അമലനഗർ ജംഗ്ഷനിൽ നിന്നു തുടങ്ങി അടാട്ടിന്റെ പടിഞ്ഞാറ് അതിർത്തി ചിറ്റിലപ്പിള്ളി യിലൂടെ പറപ്പൂർ, പാങ്ങ് , ചാവക്കാട് നഗരം, ഗുരുവായൂർ അമ്പല നഗരം എന്നിവിടങ്ങളിലേക്കും കേന്ദ്രപാത – 66 ( NH 66 ) ലേക്കും കടന്നു പോകുന്നു. മുതുവറ – അടാട്ട്, SH – 69 മുതുവറ സെന്ററിൽ നിന്ന് പടിഞ്ഞാറ് ഭാഗത്തു സ്ഥിതി ചെയ്യുന്ന അടാട്ട് സെന്ററിലേക്കു കടന്നു പോകുന്നു. ഈ വഴിയിലാണ് അടാട്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. അടാട്ട് ഗ്രാമപഞ്ചായത്തിലെ പുറനാട്ടുകര ആശ്രമം, ശാരദാമഠം, സംസ്കൃത കോളേജ് തുടങ്ങിയവയിലേക്ക് എത്തി ചേരുന്നത് ഈ വഴിയിലൂടെയാണ്. അടാട്ട് – മുള്ളൂർ റോഡ്, അടാട്ട് സെന്ററിൽ നിന്ന് തുടങ്ങി പടിഞ്ഞാറെ അതിർത്തി ഗ്രാമപഞ്ചായത്തായ തോളൂരിലെ മുള്ളൂർ എന്ന സ്ഥലവുമായി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു. അമലനഗർ വരടിയം റോഡ്, സംസ്ഥാനപാത 69 ലെ അമല നഗർ സെന്ററിൽ നിന്ന് തുടങ്ങി സംസ്ഥാന പാതകൾ 69 നേയും 62 നേയും ബന്ധിപ്പിക്കുന്ന വിയ്യൂർ മുണ്ടൂർ ജില്ലാ പാതയിലെ വരടിയത്ത് എത്തിച്ചേരുന്നു. ഈ റോഡിൻറെ ചെറിയ ഒരു ഭാഗം മാത്രമേ അടാട്ടിലൂടെ കടന്നു പോകുന്നുള്ളൂ. അടാട്ടിൽ നിന്ന് മുളങ്കുന്നത്തുകാവിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് എത്തുന്നതിനുള്ള ഏറ്റവും ദൂരം കുറഞ്ഞ വഴിയാണിത്. ചിറ്റിലപ്പിള്ളി സെന്റർ അടാട്ട് സെൻറർ റോഡ്, ചിറ്റിലപ്പിള്ളിയേയും അടാട്ടിനേയും ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് റോഡായി പ്രവർത്തിക്കുന്നു. പുഴയ്ക്കൽ – ആമ്പക്കാട് അടാട്ട് റോഡ്, സംസ്ഥാനപാത 69 ലെ പുഴയ്ക്കൽ സെന്ററിൽ നിന്ന് ആമ്പക്കാട് വഴി അടാട്ടിലേക്ക് എത്തിച്ചേരുന്നു. മുതുവറ–ചാമക്കാട്– കുറ്റൂർ റോഡ്, മുതുവറ സെന്ററിൽ നിന്ന് ചൂരക്കാട്ടുകര ചാമക്കാട് ഭാഗങ്ങളിലൂടെ കടന്നു പോയി ഈ

റോഡ് കോലഴി പഞ്ചായത്തിലെ കറ്റൂർ സെന്ററിൽ എത്തിച്ചേരുന്നു. ഈ വഴി അടാട്ട് പഞ്ചായത്ത് പ്രദേശത്തേയ്ക്കുള്ള ഒരു പ്രധാന മാർഗ്ഗമായി പ്രവർത്തിക്കുന്നു.

**1996 ലെ അവസ്ഥ**

വീതികറഞ്ഞ ചെമ്മൺ പാതകളായിരുന്നു അന്ന് ഭൂരിഭാഗവും നിലനിന്നിരുന്നത്. പ്രധാന റോഡുകൾ മാത്രമേ ടാർ ചെയ്തതായി ഉണ്ടായിരുന്നുള്ളൂ . തൃശ്ശൂർ-കുന്നംകുളം സംസ്ഥാന പാതയിൽ പുഴയ്ക്കൽ മുതൽ മുതുവറ വരെയുള്ള ഏകദേശം അരകിലോമീറ്റർ ദൂരം റോഡിൽ വെള്ളം കെട്ടിക്കിടന്നിരുന്നതിനാലും മതിയായ കാനകൾ ഇല്ലാതിരുന്നതിനാലും എല്ലാ കാലങ്ങളിലും സഞ്ചാരയോഗ്യമല്ലാതെ നിലനിന്നിരുന്നു. കുന്നിൻപ്രദേശങ്ങളിൽ നിന്നും ഒഴുകിവരുന്ന വെള്ളം, റോഡുകളെ സാരമായി ബാധിച്ചിരുന്നതായി കാണാം. പല സ്ഥലത്തും സ്വകാര്യവ്യക്തികൾ പുറമ്പോക്ക് ചാലുകളും വഴികളും കൈയ്യേറിയിരുന്നതായും വെള്ള ത്തിന്റെ സ്വാഭാവിക ഒഴുക്ക് അടച്ചുകെട്ടി സ്ഥിതി കൂടുതൽ രൂക്ഷമാക്കിയിരുന്നതായും കാണാം. അമലനഗർ റെയിൽവേ സ്റ്റേഷൻ പ്രവർത്തിച്ചിരുന്നുവെങ്കിലും യാത്രക്കാരുടെ എണ്ണം വളരെ കുറവായിരുന്നു. ചൂരക്കാട്ടുകര ലെവൽ ക്രോസിൽ ഗേറ്റ് ഇല്ലാതിരുന്ന അപകടകരമായ അവസ്ഥ നിലനിന്നിരുന്നു. ഒട്ടുമിക്ക റോഡുകളിലും കാനകൾ ഇല്ലാതിരുന്നതും ഉള്ള കാനകൾ തന്നെ കാര്യക്ഷമമല്ലാതിരുന്നതും വെള്ളക്കെട്ട് പ്രശ്നങ്ങൾ ഉണ്ടാക്കി യിരുന്നു.

**നിലവിലെ അവസ്ഥ**

ഗ്രാമപഞ്ചായത്തിലെ ഒട്ടുമിക്ക റോഡുകളും ടാർ ചെയ്യപ്പെട്ടുകഴിഞ്ഞു . ഈ മേഖലയിൽ നില നിന്നിരുന്ന നിരവധി പ്രശ്നങ്ങൾ ഇക്കാലത്തിനിടയിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്. വേണ്ടത്ര ലാഭകരമല്ലാത്തതിനാൽ റെയിൽവേ അമലാനഗർ റെയിൽവേ സ്റ്റേഷൻ നിർത്തലാക്കിയിരിക്കുകയാണെങ്കിലും വർത്തമാന കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്ന വാഹനബാഹുല്യം, ഗതാഗത കുരുക്ക്, അമല ആശുപത്രിയെ ആശ്രയിക്കുന്ന ജനങ്ങളുടെ എന്നതിൽ വന്ന വർദ്ധനവ് എന്നീ സാഹചര്യങ്ങളിൽ പൊതുജനങ്ങളുടെ ഭാഗത്ത് നിന്നുള്ള ആവശ്യത്തെ മുൻനിർത്തി അടാട്ട് ഗ്രാമപഞ്ചായത്തിന്റെ കൂടി നേതൃത്വത്തിൽ അത് തുറന്നുപ്രവർത്തിപ്പിക്കുവാനാവശ്യമായ മേൽനടപടികൾക്കായി റെയിൽവേയിൽ സമ്മർദ്ദം ചെലുത്തി വരികയാണ്.

അടാട്ട് പഞ്ചായത്തിൻറെ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളുടെ സമഗ്ര വികസനത്തിനുതകുന്ന രീതിയിൽ മെച്ചപ്പെട്ട പ്രാദേശിക ഗതാഗത ശൃംഖല ആവിഷ്കരിക്കേണ്ടതുണ്ട്.

സ്വാഭാവിക റബ്ബർ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം എന്നിങ്ങനെ പ്രാദേശിക അസംസ്കൃത വസ്തുക്കളുടെ ഉപയോഗത്തിന് പ്രാമുഖ്യം നൽകാവുന്നതാണ്. നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് ഘട്ടം ഘട്ടമായി ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടതാണ്. വെള്ളം ഒഴുകി പോകുന്നതിനുള്ള കാനകളുടെ അഭാവം പരിഹരിക്കേണ്ടതാണ്. കാൽനട യാത്രക്കാർ, സൈക്കിൾ യാത്രക്കാർ എന്നിവരുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഗതാഗത സംവിധാനത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. അമല ജംഗ്ഷനിൽ – Round about ഉം Bus bay യും നിർമ്മിച്ച് ഗതാഗതം ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്. മുതുവറ ജംഗ്ഷനിൽ Bus bay ഉം Foot path ഉം നിർമ്മിക്കേണ്ടതുണ്ട്. SH, MDR, പഞ്ചായത്ത് റോഡുകൾ എന്നിവയുടെ സൌന്ദര്യവത്ക്കരണത്തിനും ചൂടിനെ പ്രതിരോധിക്കുന്നതിനുമായി റോഡിന്റെ ഇരുവശങ്ങളിലും സ്ഥല ലഭ്യത അനുസരിച്ച് മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതാണ്.

## വിദ്യാഭ്യാസ മേഖല

വിദ്യാഭ്യാസ മേഖല – ചരിത്രം

1985 – ൽ കൊച്ചി രാജകുടുംബത്തിലെ ഒരു മുതിർന്ന അംഗമായ ശ്രീ. അപ്പൻ തമ്പുരാൻ പ്രദേശത്തെ ഹിന്ദു സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി "വിവേകോദയം സമാജം – ത്തിനു രൂപം നൽകുകയും സമാജത്തിന്റെ അംഗവും വക്കീലുമായിരുന്ന ശ്രീ. കൃഷ്ണമേനോൻ സംഘടനയുടെ വിവേകോദയം ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു ചെയ്തു. 1920 ൽ ചെമ്മങ്ങാട്ടു വളപ്പിൽ അപ്പൻ എഴുത്തച്ഛൻ എന്നറിയപ്പെടുന്ന കിട്ടു എഴുത്തച്ഛൻ സ്വന്തം വീട്ടിലെ കയ്യാലപ്പുരയിൽ ആണ് ചൂരക്കാട്ടുകര ഗവൺമെൻറ് യു.പി. സ്കൂൾ ആരംഭിച്ചത്. പിന്നീട് 1921 – ൽ ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് കെട്ടിടം പണിതു മാറ്റി സ്ഥാപിച്ചു. 1920 -ൽ സ്ഥാപിക്കപ്പെട്ട അടാട്ട് ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ ആണ് ഈ പഞ്ചായത്തിൽ രണ്ടാമതായി രൂപം കൊണ്ട വിദ്യാലയം. തൃശ്ശൂരിലെ ഹരിജനങ്ങളുടെ ഉദ്ധാരണത്തിനായി കൃഷ്ണൻ മേനോൻ പുറനാട്ടുകര കേന്ദ്രമാക്കി ഹരിജനോദ്ധാരണ പ്രവർത്തനം സമാരംഭിച്ചു. ഇതിനോടനുബന്ധിച്ച് 1927 – ൽ ശ്രീ കൃഷ്ണൻ മേനോൻ വേട്ടുവ സമുദായത്തിലെ രണ്ടു ബാലികമാരെ പ്രവേശിപ്പിച്ചുകൊണ്ട് പുറനാട്ടുകരയിൽ രാമകൃഷ്ണ ഗുരുകലം ആരംഭിച്ചു. തുടർന്ന് ഹരിജനങ്ങളായ ആൺകുട്ടികളും, പിന്നീട് നമ്പൂതിരി സമുദായത്തിൽ നിന്നുള്ള ആൺകുട്ടികളും ഗുരുകലത്തിൽ ചേർന്നു. അങ്ങിനെ 1927

ജൂൺ 1 – ന് പുറനാട്ടുകരയിൽ ആൺകുട്ടികൾക്കുവേണ്ടി ഗുരുകുല വിദ്യാമന്ദിരവും, പെൺകുട്ടികൾക്കുവേണ്ടി മന്ദിരവും, സ്ഥാപിതമായി. ഒന്നും രണ്ടും ക്ലാസ്സുകളായി ആരംഭിച്ച ഗുരുകുല വിദ്യാമന്ദിരം ഇന്ന് രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഹയർ സെക്കൻഡറി സ്കൂളാണ്. 1931 ൽ ആണ് ഈ സ്കൂൾ അപ്പർ പ്രൈമറി ആയത്. പിന്നീട് 1932 – ൽ ഹൈസ്കൂൾ ആയി ഉയർത്തുകയും ചെയ്തു. എന്നാൽ 1940 മുതലാണ് എസ്.എസ്.എൽ.സി. സെന്റർ അനുവദിച്ചത്. അതിനുശേഷം 1998 ൽ ഹയർസെക്കണ്ടറിയും അനുവദിക്കപ്പെട്ടു സംസ്കൃതഭാഷ ജനങ്ങളിലേയ്ക്കെത്തിക്കുവാൻ ശ്രീരാമകൃഷ്ണ ഗുരുകുലവിദ്യാമന്ദിരം, കേന്ദ്രീയ സംസ്കൃത വിദ്യാപീഠം എന്നീ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. മഹാത്മാഗാന്ധി 1934 ജനുവരി 16 – ന് ഹരിജനോദ്ധാരണ പ്രവർത്തനത്തിന്റെ ഭാഗമായി അടാട്ടിലുള്ള ആശ്രമം സന്ദർശിച്ചിരുന്നു. അന്ന് ഗാന്ധിജി താമസിച്ച സ്കൂൾ കെട്ടിടമായ ആനന്ദകുടീരം" 2002 – ലെ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പൂർവ്വവിദ്യാർത്ഥി സംഘത്തിന്റെ സഹായത്തോടെ 'ഗാന്ധി സ്മൃതി' എന്ന സ്കൂൾ കെട്ടിടമായി നവീകരിച്ചു.



1948 – ൽ 15 അന്തേവാസികളോട്ടുകൂടി ആരംഭിച്ച ശ്രീശാരദ മന്ദിരവും, 1953 – ൽ ആരംഭിച്ച അടാട്ട് ക്രഷും ഈ മഠത്തിനോടനുബന്ധിച്ച ആ കാലത്തെ പുതിയ സംരംഭങ്ങൾ ആയിരുന്നു. 1962 – ൽ പെൺകുട്ടികളുടെ സ്കൂളും, ഹോസ്റ്റലും രേഖാമൂലം പുറനാട്ടുകര രാമകൃഷ്ണ മഠത്തിൽ

നിന്ന് വേർതിരിഞ്ഞ്, പുറനാട്ടുകരയിൽ ശ്രീശാരദാ മഠത്തിൻറെ ഒരു ശാഖയായി രൂപീകൃതമായി. രാജ്യത്തിനകത്തും പുറത്തും സംസ്കൃത ഭാഷാ പഠനത്തിൻറെ പുരോഗതിയ്ക്കും, സംരക്ഷണത്തിനും പ്രചാരത്തിനുമായി 1970 ഒക്ടോബറിൽ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1860 പ്രകാരം രജിസ്റ്റർ ചെയ്ത സ്വയംഭരണാധികാരം ഉള്ള "രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ" എന്ന സ്ഥാപനം അടാട്ടിൽ സ്ഥാപിതമായി. ഈ സ്ഥാപനത്തിന് പൂർണ്ണമായും ധനസഹായം നൽകുന്നത് ഇന്ത്യ ഗവൺമെന്റ് ആണ്. ഇന്ത്യ ഗവൺമെൻറിന്റെയും, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻറെയും അർഹമായ അംഗീകാരം ലഭ്യമായതിനു ശേഷം ഈ സ്ഥാപനം മെയ് 07, 2002 മുതൽ ഡീംഡ് യൂണിവേഴ്സിറ്റി ആയി മാറി. സംസ്കൃതത്തിന്റെ പ്രചാരത്തിനും വികസനത്തിനും വേണ്ടിയുള്ള വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ "മിനിസ്ട്രി ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റിന്റെ കീഴിലുള്ള ഒരു അപ്പെക്സ് ബോഡിയായും, ഇന്ത്യ ഗവൺമെൻറിന്റെ "മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ 1956 - ൽ ഉടങ്ങിയ സംസ്കൃത കമ്മീഷൻ - ന്റെ വിവിധ ശുപാർശകൾ നല്ല രീതിയിൽ നടപ്പിലാക്കുന്നതിനുള്ള ഒരു അപ്പെക്സ് ബോഡിയായും, രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ പ്രവർത്തിക്കുന്നു.

**<u>വിദ്യാഭ്യാസ മേഖല -1996 ലെ അവസ്ഥ</u>**

ഇരുപത്തിഅഞ്ച് വർഷം മുൻപ് പഞ്ചായത്ത് പ്രദേശത്ത് 11 സ്കൂളുകളും 14 അംഗൻവാടികളുമാണ് നിലനിന്നിരുന്നത് .

**<u>നിലവിലെ സ്ഥിതി</u>**

2011 ലെ സെൻസസ് പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ സാക്ഷരതാ നിരക്ക് 96.7 ശതമാനമാണ്. പുഴയ്ക്കൽ ബ്ലോക്കിന്റെ സാക്ഷരതാ നിരക്ക് 96 ശതമാനമാണ്. അടാട്ട് ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 2001 - 2011 കാലയളവിൽ ഉയരുന്നതായാണ് കാണുന്നത്. തൃശ്ശൂർ ജില്ലയുമായും ബ്ലോക്കുമായും സാക്ഷരത നിരക്ക് താരതമ്യം ചെയ്യുമ്പോൾ 2001 - 2011 കാലയളവിൽ അടാട്ട് ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ നിരക്കാണ് കൂടുതലെന്ന് കാണാവുന്നതാണ്

അടാട്ട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 18 വാർഡുകളിലായി ആകെ 29 അംഗൻവാടികൾ പ്രവർത്തിക്കുന്നു. വാർഡ് 9 ൽ മാത്രമാണ് നിലവിൽ അംഗൻവാടി ഇല്ലാത്തത്. 29

അംഗൻവാടികളും സർക്കാർ ഉടമസ്ഥതയിൽ ഉള്ളതാണ്. അടാട്ട് ഗ്രാമപഞ്ചായത്തിൽ സ്വകാര്യ ഉടമസ്ഥതയിലായി രണ്ട് പ്രി കെ ജി സ്കൂളുകളും 3 പ്രീ പ്രൈമറി സ്കൂളുകളും നിലവിൽ പ്രവർത്തിക്കുന്നു. 5 ലോവർ പ്രൈമറി സ്കൂളുകളിൽ ഒരെണ്ണം സർക്കാർ ഉടമസ്ഥതയിലും രണ്ടെണ്ണം സ്വകാര്യ ഉടമസ്ഥതയിലും മറ്റു രണ്ടു സ്ഥാപനങ്ങൾ സഹകരണ മേഖലയിലും പ്രവർത്തിച്ചു വരുന്നു. രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും 5 ഹയർ സെക്കണ്ടറി സ്കൂളുകളും അടാട്ടിൽ നിലവിലുണ്ട്. ഇവയിൽ സ്വകാര്യ മേഖലയിലെ ശ്രീ ശാരദാ മഠത്തിന്റെ കീഴിലുള്ള ഭാരതീയ വിദ്യാലയം ഹയർ സെക്കന്ററി വിദ്യാഭ്യാസം മാത്രം ലഭ്യമാക്കുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ സംസ്കൃത കോളേജിലും ഹയർ സെക്കന്ററി പഠനം ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിട്ട് അനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടാട്ട്ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സംസ്കൃത ഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്സ്ഥാപിതമായ രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ ഡീംഡ് യൂണിവേഴ്സിറ്റിയിൽ ഹയർസെക്കന്ററി കൂടാതെ ബി.എ, എം.എ എന്നിങ്ങനെ വിവിധ കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനായി ഐ.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ്, ഐ.ഇ.എസ് ആർക്കിടെക്ട് കോളേജ്, അമല മെഡിക്കൽ കോളേജ്, അമല ആയുർവേദ കോളേജ് & റിസർച്ച് സെന്റർ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു.



<u>അടാട്ട് ഗ്രാമപഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ</u>

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ പേര് | ഇനം | കോഴ്സുകൾ | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| 1 | ഐ.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ് | എഞ്ചിനീയറിംഗ് കോളേജ് | ബി.ടെക്ക് | 974 |
| | | | എം.ടെക്ക് | 72 |
| 2 | ഐ.ഇ.എസ് ആർക്കിടെക്ട് കോളേജ് | ആർക്കിടെക്ട് കോളേജ് | ബി.ആർക്ക് | 188 |
| 3 | അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | മെഡിക്കൽ കോളേജ് | എം.ബി.ബി.എസ് | 626 |
| | | | പി.ജി | 107 |
| | | | ജനറൽ നഴ്സിംഗ് & മിഡ് വൈഫറി ( GNM) | 113 |
| | | | BSc Nursing | 198 |
| | | | MSc Nursing | 14 |
| | | | DMLT - Diploma in Medical Laboratory Technology | 52 |

<u>അടാട്ട് ഗ്രാമപഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ</u>

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിൻ്റെ പേര് | ഇനം | കോഴ്സുകൾ | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| 1 | ഐ.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ് | എഞ്ചിനീയറിംഗ് കോളേജ് | ബി.ടെക്ക് | 974 |
| | | | എം.ടെക്ക് | 72 |
| 2 | ഐ.ഇ.എസ് ആർക്കിടെക്റ്റ് കോളേജ് | ആർക്കിടെക്റ്റ് കോളേജ് | ബി.ആർക്ക് | 188 |
| 3 | അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | മെഡിക്കൽ കോളേജ് | എം.ബി.ബി.എസ് | 626 |
| | | | പി.ജി | 107 |
| | | | ജനറൽ നഴ്സിംഗ് & മിഡ് വൈഫറി ( GNM) | 113 |
| | | | BSc Nursing | 198 |
| | | | MSc Nursing | 14 |
| | | | DMLT - Diploma in Medical Laboratory Technology | 52 |

| | | | | | |
|---|---|---|---|---|---|
| | | | DRT - Diploma in Radiological Techniques | | 50 |
| | | | Bharath Sewak Samaj Certificate Courses - BSS | Diploma in Dialysis | 9 |
| | | | | Diploma in Endoscopy | 4 |
| | | | | Diploma in Operation Theatre Technician | 13 |
| | | | | Diploma in Pharmacy Assistant | 5 |
| | | | | Diploma in Central Sterile Supply Department Technician | 5 |
| 4 | അമല ആയുർവേദ കോളേജ് & റിസേർച് സെൻറർ | ആയുർവേദ കോളേജ് | Bharath Sewak Samaj (BSS) Diploma in Ayurveda Therapy & Nursing | | 19 |
| 5 | രാഷ്ട്രീയ സാൻസ്കൃറ്റ് സംസ്ഥാൻ ഡീംഡ് യൂണിവേഴ്സിറ്റി | സംസ്കൃത കോളേജ് | ബി.എ | | 178 |
| | | | എം.എ | | 76 |
| | | | ബി.എഡ് | | 96 |
| | | | പി.എച്ച്.ഡി | | 43 |
| | | | വിദൂര വിദ്യാഭ്യാസം | | 171 |

## ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളുടെ പട്ടിക

| അംഗൻവാടിയുടെ നമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|
| 1 | പുഴക്കൽ - ആമ്പക്കാട് |
| 2 | മോസ്കോ റോഡ് |
| 3 | ചൂരക്കാട്ടുകര |
| 4 | ചൂരക്കാട്ടുകര |
| 5 | ചൂരക്കാട്ടുകര |
| 6 | വിലങ്ങൻ |
| 7 | പുത്തിശ്ശേരി |
| 8 | പുറനാട്ടുകര |
| 9 | പുറനാട്ടുകര |
| 10 | പുറനാട്ടുകര |
| 11 | പുറനാട്ടുകര |
| 12 | പുറനാട്ടുകര |
| 13 | ചിറ്റിലപ്പിള്ളി |
| 14 | അടാട്ട് |
| 15 | അടാട്ട് |
| 16 | അടാട്ട് |
| 17 | അടാട്ട് |
| 18 | ചിറ്റിലപ്പിള്ളി |
| 19 | ചിറ്റിലപ്പിള്ളി |
| 20 | ചിറ്റിലപ്പിള്ളി |
| 21 | ചിറ്റിലപ്പിള്ളി |
| 22 | ചിറ്റിലപ്പിള്ളി |
| 23 | ചിറ്റിലപ്പിള്ളി |
| 24 | അടാട്ട് |
| 25 | അടാട്ട് |
| 26 | മുതുവറ |
| 27 | പുറനാട്ടുകര |
| 28 | അടാട്ട് |
| 29 | ചൂരക്കാട്ടുകര |

അടാട്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും ഭൗതിക സാഹചര്യം തൃപ്തികരവും സാമാന്യം മെച്ചപ്പെട്ടതുമാണ്. എന്നിരുന്നാലും വിദ്യാലയങ്ങളിൽ ആധുനിക ഭൗതിക സാഹചര്യങ്ങൾ ഇനിയും ഉയർത്തേണ്ടത് അത്യാവശ്യമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ രംഗം പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിൽ ആണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ഉറപ്പു വരുത്തുവാൻ ഈ മേഖലയിൽ സർക്കാർ സംരംഭങ്ങൾ തുടങ്ങേണ്ടത് അത്യന്താപേക്ഷി തമാണ്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പു വരുത്തുവാൻ സർക്കാർ ഉടമസ്ഥതയിൽ ഉള്ള അടാട്ട് എൽ.പി സ്കൂൾ, ചൂരക്കാട്ടുകര യു.പി സ്കൂൾ എന്നിവ പന്ത്രണ്ടാം തരത്തിലേയ്ക്ക് ഉയർത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികളെ പരിപാലിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനുമായി സർക്കാർ ഉടമസ്ഥത യിലോ, സ്വകാര്യ – സർക്കാർ പങ്കാളിത്തത്തോടെയോ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വരേണ്ടതുണ്ട്. അംഗൻവാടികൾ എല്ലാം തന്നെ ശിശു സൗഹൃദമായ വിശാലമായ ക്ലാസ് അകത്തും പുറത്തും കളിക്കാനുള്ള സ്ഥലം, ക്രിയേറ്റീവ് സോൺ, ആധുനിക അടുക്കള, ഭക്ഷണം കഴിക്കാനുള്ള പ്രത്യേക ഇടം, മുതിർന്നവർക്കും കുട്ടികൾക്കും വെവ്വേറെയായി പ്രാഥമിക സൗകര്യത്തിനുള്ള മുറികൾ തുടങ്ങിയ സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് അംഗൻവാടിയായി നവീകരിക്കേണ്ടതാണ്.

1996 പഞ്ചവത്സര പദ്ധതിയിലെ മുഴുവൻ കാര്യങ്ങളും വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കി കഴിഞ്ഞപ്പോൾ വിദ്യാഭ്യാസ മേഖലയിൽ ഒത്തിരിയേറെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞു. കൂടുതലായി ഈ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ – നഴ്സറി ക്ലാസ്സ് മുതൽ പ്ലസ് ടു ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് എഴുതുവാനും വായിക്കുവാനും ചതുഷ് ക്രിയകൾ ചെയ്യുന്നതിനുള്ള ശേഷി ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേണം. വിദ്യാലയങ്ങൾ കെട്ടുറപ്പുള്ളതും ആകർഷകവുമാക്കണം പാഠ്യേതര വിഷയങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കും സ്വായത്തമാക്കാനുള്ള പരിശീലന ക്ലാസുകൾ സംഘടിപ്പിക്കണം. ലൈബ്രറി പ്രവർത്തനം പഞ്ചായത്തിന്റെ സഹകരണത്തോടെ കൂടുതൽ സജീവമാക്കണം. ഒരു പ്രദേശത്തുള്ള കുട്ടികളെ ആ പ്രദേശത്തുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. താഴെതട്ടിലുള്ള വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രവർത്തനങ്ങൾ ഒരുക്കണം. കുട്ടികൾക്ക് പ്രഭാതഭക്ഷണം, ശുദ്ധജലം എന്നിവ

ഉറപ്പുവരുത്തണം. എല്ലാ വിദ്യാർഥികൾക്കും ആരോഗ്യപരമായ സുരക്ഷിതത്വം ഉറപ്പുവരുത്തണം.

## ആരോഗ്യ മേഖല

സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമായി അടാട്ട് ഗ്രാമപഞ്ചായത്തിൽ 18 ചികിത്സാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

**അടാട്ട് ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിലുള്ള ചികിത്സാ സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | വാർഡ് നമ്പർ | വാർഡിന്റെ പേര് / സ്ഥലപ്പേര് |
|---|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറി | 2 | ചിറ്റിലപ്പിള്ളി കിഴക്കുമുറി |
| 2 | ഹോമിയോപ്പതി ഹെൽത്ത് സെന്റർ | 3 | ചിറ്റിലപ്പിള്ളി ഗ്രൗണ്ട് |
| 3 | പ്രാഥമിക ആരോഗ്യ കേന്ദ്രം | 8 | ആമ്പക്കാട് |
| 4 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം | 12 | പാരിക്കാട് |
| 5 | ആയുർവ്വേദ ഡിസ്പെൻസറി | 15 | മാനിടം |
| 6 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം | 17 | അമ്പലംകാവ് |

ചികിത്സാ സ്ഥാപനങ്ങളിൽ പ്രധാനമായത് വാർഡ് 10, വിലങ്ങൻ പ്രദേശത്ത് പ്രവർത്തിക്കുന്ന അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനമാണ്. പ്രസ്തുത ഹോസ്പിറ്റൽ പ്രസ്ഥാനത്തിന്റെ തുടക്കം 1978 ൽ സ്ഥാപിതമായ അമല ക്യാൻസർ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിലൂടെയാണ്. CMI സഭയുടെ കീഴിലാണ് ഈ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നത്. നിലവിൽ ഒരു മെഡിക്കൽ കോളേജ്, നഴ്സിംഗ് കോളേജ്, നഴ്സിംഗ് സ്കൂൾ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ടീച്ചിംഗ് ഹോസ്പിറ്റൽ, ക്യാൻസർ ഹോസ്പിറ്റൽ, ക്യാൻസർ റിസർച്ച് സെൻറർ, ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, ഒരു ഹോമിയോപ്പതി ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, ഒരു ഫാർമസി നിർമ്മാണ യൂണിറ്റ്, കൂടാതെ പ്രായമായവർക്കുള്ള ആശ്രയ വീടായ ബെഥനിഗ്രാം എന്നീ സ്ഥാപനങ്ങൾ അമലയുടെ കീഴിൽ പ്രവർത്തിക്കുന്നു.അമല ഹോസ്പിറ്റലിനോടനുബന്ധിച്ച പ്രധാനപ്പെട്ട ചില വിവരങ്ങൾ ഇവിടെ നൽകുന്നു. 1973 -ൽ, ശ്രീ. വി.വി ഗിരി ആണ് ഈ ഹോസ്പിറ്റലിന് തറക്കല്ലിട്ടത്. 1978 - ൽ, ശ്രീ. നീലം സഞ്ജീവറെഡ്ഡി, ഔപചാരികമായി അമല ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്തു. 1980-ൽ

നഴ്സിംഗ് സ്കൂൾ സ്ഥാപിതമായി. 1982-ൽ ക്യാൻസർ റിസർച്ച് സെന്ററും, 1983-ൽ ആയുർവേദ ഹോസ്പിറ്റലും പ്രവർത്തനം ആരംഭിച്ചു. 1989-ൽ ആണ് അമലയുടെ ഹോമിയോ ശാഖ പ്രവർത്തനം തുടങ്ങിയത്.

**1996 ലെ അവസ്ഥ**

സർക്കാർ മേഖലയിൽ പ്രഥാമികാരോഗ്യകേന്ദ്രം, ആയുർവേദ ഡിസ്പെൻസറി എന്നിവയും സ്വകാര്യമേഖലയിൽ ശ്രീരാമകൃഷ്ണ മഠം ഹോസ്പിറ്റൽ, അമല ക്യാൻസർ ഹോസ്പിറ്റൽ എന്നിവയാണ് അന്നുണ്ടായിരുന്ന ആശുപത്രികൾ.

**നിലവിലെ സ്ഥിതി**

2008 വർഷമാണ് അമലയുടെ പ്രധാന വിഭാഗമായ അമല ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് - ഉം, മെഡിക്കൽ കോളേജും തുടങ്ങിയത്. അതിനു ശേഷം 2005 - ൽ ആണ് നഴ്സിംഗ് കോളേജ് തുടങ്ങിയത്. 25 ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയേറ്ററുകൾ, 210 സജ്ജീകരിച്ച തീവ്രപരിചരണ ബെഡുകൾ, പൂർണ്ണമായി കംപ്യൂട്ടർവത്ക്കരിച്ച് പരസ്പര ബന്ധിത ശൃംഖലയായ ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം (HS), പൂർണ്ണമായി ഡിജിറ്റൽ ആയ റേഡിയോളജി വിഭാഗം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ് ഹോസ്പിറ്റലിലെ വിപുല മായ അടിസ്ഥാനസൌകര്യങ്ങൾ.

അടാട്ട് ഗ്രാമപഞ്ചായത്തിലെ ആയുർവേദ ചികിത്സാ സ്ഥാപനങ്ങളിൽ പ്രധാനമായത് അമല ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെൻറർ ആണ്. കാർമ്മലൈറ്റ് അച്ചന്മാർ (CMI) സ്ഥാപിച്ച ഒരു ചാരിറ്റബിൾ സ്ഥാപനമായ അമല ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് - ന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് അമല ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, സാധാരണ രോഗങ്ങൾക്കും, ആധുനിക ചികിത്സാ സമ്പ്രദായത്തിൽ ഫലപ്രദമായ ചികിത്സ കണ്ടെത്തിയിട്ടില്ലാത്ത അസുഖങ്ങൾക്കും ഇവിടെ ചികിത്സ ലഭ്യമാണ്. ക്യാൻസർ, എയ്ഡ്സ് മുതലായ അസുഖങ്ങളുടെ ചികിത്സയ്ക്കായുള്ള റിസർച്ചും നിലവിൽ ഈ ആയുർവേദ സ്ഥാപനത്തിൽ നടന്നു വരുന്നു.

ഒരു ഔട്ട് പേഷ്യൻറ് ഡിപ്പാർട്ട്മെന്റ് മാത്രമായി തുടങ്ങിയ അമല ഹോമിയോപ്പതി ഹോസ്പിറ്റൽ ഇപ്പോൾ കിടത്തി ചികിത്സാ സൌകര്യങ്ങളുള്ള, നല്ല രീതിയിലുള്ള ഒരു ലബോറട്ടറിയും പ്രവർത്തിക്കുന്ന ഒരു ചികിത്സാ സ്ഥാപനമാണ്. പാരിക്കാട് കോളനിയിൽ

സ്ഥിതിചെയ്യുന്ന ഹോമിയോപ്പതി ഹെൽത്ത് സെന്റർ സർക്കാർ മേഖലയിലുള്ള ഹോമിയോപ്പതി വകുപ്പ് - പട്ടികജാതി വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമാണ്.

സാമൂഹിക – സാമ്പത്തിക സർവേ 2018 പ്രകാരം ഹെൽത്ത് സെന്ററിലേയ്ക്കുള്ള ശരാശരി ദൂരം 0.89 കി. മീറ്ററും, ഹോസ്പിറ്റലിലേക്കുള്ള ശരാശരി ദൂരം 1.87 കി മീറ്ററും മാത്രമാണ്. 2018 –ൽ നടത്തപ്പെട്ട സാമൂഹിക-സാമ്പത്തിക സർവേ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രധാന രോഗങ്ങൾ കോളറ, ഡെങ്കി, ചിക്കൻഗുനിയ, ഹെപ്പടൈറ്റിസ്, ടി ബി, ചിക്കൻപോക്സ് എന്നിവയാണെന്ന് കാണാം. ഇതിൽ ഏറ്റവും കൂടുതൽ ശതമാനം റിപ്പോർട്ട് ചെയ്യപ്പെട്ട അസുഖം ചിക്കൻപോക്സ് ആണെന്നും കാണാവുന്നതാണ്.

നിലവിൽ അലോപ്പതി മേഖലയിൽ പുറനാട്ടുകര, വാർഡ് 3 ൽ സ്ഥിതിചെയ്യുന്ന കുടുംബാരോഗ്യ കേന്ദ്രം സ്ഥല പരിമിതിയും, ജീവനക്കാരുടെ അഭാവവും നേരിടുന്നുണ്ട്. കൂടാതെ ആസ്ത്മാ രോഗികൾക്കായുള്ള ക്ലിനിക്കിന് സ്ഥലം ലഭ്യമായിട്ടില്ല, കിടത്തി ചികിത്സാ സൌകര്യവും ഇവിടെയില്ല.

**കുടുംബാരോഗ്യ കേന്ദ്രം അടാട്ട്**



## അടാട്ട് ഗ്രാമപഞ്ചായത്തിലെ ചികിത്സാസ്ഥാപനങ്ങൾ

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | വാർഡ് നമ്പർ | വാർഡിന്റെ പേര് / സ്ഥലപ്പേര് | ഉടമസ്ഥത (സർക്കാർ / സഹകരണം / സ്വകാര്യം) | ഡോക്ടർമാരുടെ എണ്ണം | കിടക്കകളുടെ എണ്ണം | തരം |
|---|---|---|---|---|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറി | 2 | ചിറ്റിലപ്പിള്ളി കിഴക്കുറി | സർക്കാർ | | | ഹോമിയോ |
| 2 | കനാൽ ഡെന്റൽ ക്ലിനിക് | 2 | ചിറ്റിലപ്പിള്ളി കിഴക്കുറി | സ്വകാര്യം | 1 | | ഡെന്റൽ ക്ലിനിക് |
| 3 | പ്രാഥമിക ആരോഗ്യ കേന്ദ്രം | 3 | ചിറ്റിലപ്പിള്ളി ഗ്രൗണ്ട് | സർക്കാർ | 1 | | പി എച്ച് സി |
| 4 | മാനവ സേവ കണ്ണാശുപത്രി | 6 | രാമൻചിറ | സ്വകാര്യം | 3 | | ഹോസ്പിറ്റൽ |
| 5 | ഹോമിയോ ക്ലിനിക് | 7 | മുതുവറ | സ്വകാര്യം | | | ഹോമിയോ |
| 6 | പി വി എസ് ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ | 7 | മുതുവറ | സ്വകാര്യം | 1 | | ഡെന്റൽ ക്ലിനിക് |
| 7 | റാഫേൽസ് ഡോക്ടേഴ്സ് ക്ലിനിക് | 7 | മുതുവറ | സ്വകാര്യം | 4 | | ഡോക്ടേഴ്സ് ക്ലിനിക് |
| 8 | ചുങ്കത്ത് പ്രിൻസ് ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ | 7 | മുതുവറ | സ്വകാര്യം | 1 | | ഡെന്റൽ ക്ലിനിക് |
| 9 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം | 8 | ആമ്പക്കാട് | സർക്കാർ | JPHN | | പി എച്ച് സി |
| 10 | മഹൌഷധി ഔഷധശാല | 9 | പുത്തിശ്ശേരി | സ്വകാര്യം | | | ഔഷധശാല |
| 11 | അമല ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 10 | വിലങ്ങൻ | സ്വകാര്യം | 200 | 1030 | ഹോസ്പിറ്റൽ |
| 12 | അമല ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ | 10 | വിലങ്ങൻ | സ്വകാര്യം | | | ഹോസ്പിറ്റൽ |
| 13 | അമല ഹോമിയോ ഹോസ്പിറ്റൽ | 10 | വിലങ്ങൻ | സ്വകാര്യം | | | ഹോമിയോ ഹോസ്പിറ്റൽ |
| 14 | ഡൈകെയർ ഡയബെറ്റിക്സ് & ഡെന്റൽ ക്ലിനിക് | 10 | വിലങ്ങൻ | സ്വകാര്യം | 2 | | ഡെന്റൽ ക്ലിനിക് |
| 15 | തോട്ടുങ്ങൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 10 | വിലങ്ങൻ | സ്വകാര്യം | 2 | | ഡെന്റൽ ക്ലിനിക് |
| 16 | ഹോമിയോ ഹെൽത്ത് സെന്റർ | 12 | പാരിക്കാട് | സർക്കാർ | | | പി എച്ച് സി |
| 17 | ആയുർവ്വേദ ഡിസ്പെൻസറി | 15 | മാടിശം | സർക്കാർ | | | പി എച്ച് സി |
| 18 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം | 17 | അമ്പലകാവ് | സർക്കാർ | JPHN | | പി എച്ച് സി |

## അടാട്ട് ഗ്രാമപഞ്ചായത്തിലെ അലോപ്പതി വിഭാഗത്തിലെ

## ചികിത്സാ സ്ഥാപനങ്ങൾ – ഡെന്റൽ ക്ലിനിക്കുകൾ ഉൾപ്പെടെ

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | വാർഡ് നമ്പർ | വാർഡിന്റെ പേര് / സ്ഥലപ്പേര് | ഉടമസ്ഥത (സർക്കാർ / സഹകരണം / സ്വകാര്യം) | ഡോക്ടർമാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | കനാൽ ഡെന്റൽ ക്ലിനിക് | 2 | ചിറ്റിലപ്പിള്ളി കിഴക്കുമുറി | സ്വകാര്യം | 1 |
| 2 | പ്രാഥമിക ആരോഗ്യ കേന്ദ്രം | 3 | ചിറ്റിലപ്പിള്ളി ഗ്രൗണ്ട് | സർക്കാർ | 1 |
| 3 | മാനവ സേവ കണ്ണാശുപത്രി | 6 | രാമൻചിറ | സ്വകാര്യം | 3 |
| 4 | പി വി എസ് ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ | 7 | മുതുവറ | സ്വകാര്യം | 1 |
| 5 | റാഫേൽസ് ഡോക്ടേർസ് ക്ലിനിക് | 7 | മുതുവറ | സ്വകാര്യം | 4 |
| 6 | പുതുശ്ശേരി പ്രിൻസ് ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ | 7 | മുതുവറ | സ്വകാര്യം | 1 |
| 7 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം | 8 | ആമ്പക്കാട് | സർക്കാർ | JPHN |
| 8 | അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 10 | വിലങ്ങൻ | സ്വകാര്യം | 200 |
| 9 | ഡൈകെയർ ഡയബെറ്റിക് & ഡെന്റൽ ക്ലിനിക് | 10 | വിലങ്ങൻ | സ്വകാര്യം | 2 |
| 10 | തോട്ടുങ്ങൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 10 | വിലങ്ങൻ | സ്വകാര്യം | 2 |
| 11 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം | 17 | അമ്പലംകാവ് | സർക്കാർ | JPHN |



അമല ഇൻസിസ്റ്റൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

## അടാട്ട് ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | വാർഡ് നമ്പർ | വാർഡിൻറെ പേര് / സ്ഥലപ്പേര് | ഉടമസ്ഥത (സർക്കാർ / സഹകരണം / സ്വകാര്യം) |
|---|---|---|---|---|
| 1 | മഹാഔഷധി ഔഷധശാല | 9 | പുത്തിശ്ശേരി | സ്വകാര്യം |
| 2 | അമല ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെൻറർ | 10 | വിലങ്ങൻ | സ്വകാര്യം |
| 3 | ആയുർവ്വേദ ഡിസ്പെൻസറി | 15 | മാനിടം | സർക്കാർ |

**അടാട്ട് ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറികൾ**

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | വാർഡ് നമ്പർ | വാർഡിൻ്റെ പേര് / സ്ഥലപ്പേര് | ഉടമസ്ഥത (സർക്കാർ / സഹകരണം / സ്വകാര്യം) |
|---|---|---|---|---|
| 1 | ഹോമിയോ ഡിസ്പെൻസറി | 2 | ചിറ്റിലപ്പിള്ളി കിഴക്കുമുറി | സർക്കാർ |
| 2 | ഹോമിയോ ക്ലിനിക് | 7 | മുതുവറ | സ്വകാര്യം |
| 3 | അമല ഹോമിയോ ഹോസ്പിറ്റൽ | 10 | വിലങ്ങൻ | സ്വകാര്യം |
| 4 | ഹോമിയോപ്പതി ഹെൽത്ത് സെൻ്റർ | 12 | പാരിക്കാട് | സർക്കാർ |

ജീവനക്കാരുടെ അഭാവം പരിഹരിച്ച് കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കുകയും, സ്ഥല സൌകര്യവും, ആസ്ത്മാ ക്ലിനിക്, കിടത്തി ചികിത്സക്കുള്ള സൌകര്യവും, കാൻ്റീൻ, പാർക്കിംഗ് പ്ലാസകൾ എന്നീ അനുബന്ധ ഉപയോഗങ്ങളോട്ടു കൂടി വിപുലീകരിക്കേണ്ടതാണ് വേണം. നിലവിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഹോമിയോ ആശുപത്രികളെ ആധുനീകരിച്ച് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതുണ്ട്. അടാട്ട് പഞ്ചായത്തിലെ വാർഡ് 2 ൽ സർവ്വേ നമ്പർ 17 ൽ സ്വകാര്യ ഉടമസ്ഥതയിൽ പണിത വൈദ്യ മന്ദിരവും അനുബന്ധ കെട്ടിടങ്ങളും തീർത്തും പ്രവർത്തനരഹിതമാണ്. അവ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിക്കുകയും ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**കുടിവെള്ളം**

അടാട്ടിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്ന തെങ്കിലും പഞ്ചായത്തിലെ ചില മേഖലകളിൽ വളരെയധികം കുടിവെള്ളക്ഷാമം അനുഭവ പ്പെടുന്നു. നിലവിലെ സ്ഥിതി വർഷപാതത്തിൽ വന്ന കുറവും കൃഷിരീതിയിലും ജലസേചനത്തിലും വന്ന മാറ്റം മൂലവും ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി ക്കൊണ്ടിരിക്കുകയാണ്.

**1996 ലെ അവസ്ഥ**

അടുത്തടുത്ത് സ്ഥിതിചെയ്യുന്ന മൂന്നു കുന്നുകളും അതിന്റെ താഴ്വരകളും ഉയർന്ന സമതലങ്ങളും കോൾനിലങ്ങളുമടങ്ങുന്ന അടാട്ട് പഞ്ചായത്തിൽ ഭൂമിശാസ്ത്രപരമായ ചെരിവ് മഹാവെള്ളം മണ്ണിൽ ആഴ്ന്നിറങ്ങാതെ ഒഴുകിപ്പോകുന്നതിന് ഒരു കാരണമാണ്. പഞ്ചായത്തിൽ നാലു മാസമെങ്കിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്നു. അന്ന് കുടിവെള്ള വിതര ണത്തിന് മാത്രമായി പഞ്ചായത്തിൽ 107 പൊതുടാപ്പുകളും, 18 കുഴൽകിണറുകളും 35 പൊതു കിണറുകളുമാണ് ഉണ്ടായിരുന്നത്. 50 % പേരും കുടിവെള്ളത്തിനായി സ്വന്തം കിണറു കളെ തന്നെ ആശ്രയിച്ചിരുന്നു. പഞ്ചായത്തിന് ശുദ്ധജല വിതരണ പദ്ധതി ഉണ്ടായിരുന്നില്ല. പാരിക്കാട് കോളനിയിൽ ഉണ്ടായിരുന്ന പദ്ധതിയും, അടാട്ട് കുഴൽകിണർ പദ്ധതിയും, പഞ്ചായത്ത് കിണറുകളും കുഴൽകിണറുകളും ഉണ്ടായിരുന്നതിൽ ഭൂരിഭാഗവും പ്രവർത്തന ക്ഷമമായിരുന്നില്ല. കുടിവെള്ളം പൈപ്പ് വഴി ലഭിച്ചിരുന്നത് പീച്ചി ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നുമായിരുന്നു. എന്നാൽ ജലഅതോറിറ്റി സ്ഥാപിച്ചിരുന്ന പൊതുടാപ്പുകളിൽ പലതിലും വേനൽക്കാലത്ത് വെള്ളം ലഭ്യമല്ലായിരുന്നു. ലഭിക്കുന്ന വെള്ളം തന്നെ മലിനമായിരുന്നു. കുന്നിൻപ്രദേശത്ത് താമസിക്കുന്നവർക്ക് കുടിവെള്ളം ശേഖരിക്കുന്നതിന് വളരെ ദൂരം സഞ്ചരിക്കേണ്ടി വന്നിരുന്നു. പഞ്ചായത്തിൽ കുഴിപ്പിച്ചിരുന്ന 18 കുഴൽ കിണറുകൾ മൂന്നു നാലോ വർഷത്തിനു ശേഷം ഉപയോഗശൂന്യവുമാകുന്ന സാഹചര്യവുമു ണ്ടായിരുന്നതായും 1996 ലെ വികസനരേഖയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 35 പൊതുകിണറുകളിൽ 18 എണ്ണത്തിലാണ് ഏപ്രിൽ മെയ് മാസങ്ങളിൽ ജലം ലഭ്യമായിരുന്നത്.